# പ്രോസ്പെക്ടസ്

നാഷണൽ ഹൈവേയിൽ കോഴിക്കോട് കണ്ണൂർ റൂട്ടിൽ കൊയിലാണ്ടിക്കടുത്ത് നന്തി കേന്ദ്രീകരിച്ച് വിദ്യാഭ്യാസ സാംസ്കാരിക സ്ഥാപനങ്ങൾ നടത്തുന്ന ഒരു മഹൽ സ്ഥാപനമാണ് ദാറുസ്സലാം അറബിക് കോളേജ് കമ്മിറ്റി.

ഇന്ത്യാ ഗവൺമെന്റിന്റെ സൊസൈറ്റീസ് റജിസ്ട്രേഷൻ ആക്ട് അനുസരിച്ച് 1976 ൽ (54/76)പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനമാണിത്. മതപഠനത്തിൽ ഉന്നത ബിരുദവും ബിരുദാനന്തര ബിരുദവും നൽകുന്ന ജാമിഅ ദാറുസ്സലാം അൽ ഇസ്ലാമിയ്യ (ദാറുസ്സലാം ഇസ്ലാമിക് യൂണിവേഴ്സിറ്റി) അതിന്റെ കീഴിലുള്ള ഏതാനും കുല്ലിയ്യ (കോളേജ്) കളും മറ്റു സ്ഥാപനങ്ങളും പ്രസ്തുത കമ്മിറ്റി നടത്തിവരുന്നു.

മദ്രസ തലത്തിൽ അഞ്ചാം തരം പൊതു പരീക്ഷയിൽ ഉന്നത വിജയം നേടുകയും ജൂലയ് 31 ന് പത്ത് വയസ്സ് പൂർത്തിയാവുകയും പതിനൊന്നര വയസ്സ് കവിയാത്തതുമായ വിദ്യാർത്ഥികൾക്കാണ് ഈ സ്ഥാപനത്തിൽ പ്രവേശനം നല്കുന്നത്. 12 വർഷ കോഴ്സിലൂടെ മതവിഷയങ്ങളിൽ ജാമിഅ ദാറുസ്സലാം അൽ ഇസ്ലാമിയ്യയുടെ മൗലവി അൽ ഫാളിൽ ദാരിമി (ദാരിമി) ബിരുദവും, ഭൗതിക വിഷയത്തിൽ ഗവ. അംഗീകൃത യൂണിവേഴ്സിറ്റിയുടെ പി.ജി. തല ബിരുദവും നേടി ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികളെ അതിജയിച്ചു പാണ്ഡിത്യത്തിലും, പ്രബോധന രംഗത്തും ഔന്നത്യം കരഗതമാക്കുന്നവരായ വിദ്യാർത്ഥികളെ വാർത്തെടുക്കാനുതകുന്ന ഒരു സ്ഥാപനം തുടങ്ങാൻ കമ്മിറ്റി തീരുമാനിക്കുകയും, കോളേജിന്റെ സ്ഥാപകനായ നന്തിയിൽ മുഹമ്മദ് മുസ്ല്യാരുടെ സ്മരണക്കായി പ്രസ്തുത കോളേജിന് 'നന്തിയിൽ മുഹമ്മദ് മുസ്ല്യാർ മെമ്മോറിയൽ ദാറുസ്സലാം അക്കാദമി' എന്നു നാമകരണം ചെയ്യാൻ നിർദേശിക്കുകയും ചെയ്തു.

## ലക്ഷ്യം

വിജ്ഞാന മേഖലകളിൽ വിപ്ലവാത്മകമായ ഔന്നിത്യം പ്രാപിച്ച അഭിനവ യുഗത്തിനനുസൃതമായ അഭിജ്ഞരും ആഗോള തലത്തിൽ മതവിശ്വാസത്തിനെതിരെയുള്ള വെല്ലുവിളികളെ നേരിടാൻ നൈപുണ്യം ആർജിച്ച ഇസ്ലാമിക പ്രബോധകരും ബഹു ഭാഷ പണ്ഡിതന്മാരുമായി വിദ്യാർത്ഥികളെ വാർത്തെടുക്കുകയാണ് ഈസ്ഥാപനത്തിന്റെ പരമമായ ലക്ഷ്യം.

മേൽപറഞ്ഞ ദൗത്യ നിർവ്വഹണത്തിനു അനിവാര്യമായ ആനുകാലിക ശാസ്ത്ര സാങ്കേതിക കംപ്യൂട്ടർ വിജ്ഞാനങ്ങളും അറബിക്ക്,ഉറുദു, ഇംഗ്ലീഷ്, മലയാളം ഭാഷാ നൈപുണ്യവും പ്രസംഗ തൂലിക കലകളിൽ പാടവവും വിദ്യാർത്ഥികൾക്ക് നേടിക്കൊടുക്കുന്നു.

ഈ സ്ഥാപനത്തിൽ പ്രവേശനം ലഭിക്കുന്നതിന് സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡിന്റെ അഞ്ചാം തരം പൊതു പരീക്ഷ നല്ല മാർക്കോടെ വിജയിച്ചിരിക്കണം. വിജയ പ്രതീക്ഷ ഉള്ളവർക്ക് പരീക്ഷ ഫലം വരുന്നതിന് മുമ്പും അപേക്ഷിക്കാവുന്നതാണ്.പക്ഷെ, അവരുടെ പരീക്ഷാ സെന്ററിന്റെ നമ്പറും റോൾ നമ്പറും അപേക്ഷാ ഫോറത്തിൽ കാണിച്ചിരിക്കണം. തൊട്ടു മുമ്പുള്ള വർഷത്തിൽ പരീക്ഷ പാസ്സായ കുട്ടിയാണെങ്കിൽ സർട്ടിഫിക്കറ്റിന്റെ ഫോട്ടോകോപ്പി സമർപ്പിക്കേണ്ടതാണ്.

## അഡ്മിഷൻ

ഈ സ്ഥാപനത്തിൽ ആൺകുട്ടികൾക്ക് മാത്രമെ അഡ്മിഷൻ നൽകുകയുള്ളൂ.

## അപേക്ഷാഫോറം

ഈ സ്ഥാപനത്തിൽ പ്രവേശനം ആഗ്രഹിക്കുന്നവർക്ക് അപേക്ഷാഫോറവും പ്രോസ്പെക്ടസും ദാറുസ്സലാം കമ്മിറ്റി ഓഫീസിൽ നിന്നും, www.jamiadarussalam.org എന്ന വെബ്സൈറ്റ് വഴിയും ലഭിക്കും. തപാലിൽ ലഭിക്കാൻ 25 രൂപ MO അയക്കുക. പൂരിപ്പിച്ച ഫോറം, വിദ്യാർത്ഥിയുടെ മൂന്നു പാസ്പോർട്ട് സൈസ് കളർ ഫോട്ടോ, ജനന സർട്ടിഫിക്കറ്റിന്റെ ഫോട്ടോ കോപ്പി സഹിതം **റമസാൻ 25** നകം ദാറുസ്സലാം ഓഫീസിൽ എത്തിക്കേണ്ടതാണ്.

## ഇന്റർവ്യൂ

1. നന്തിയിൽ മുഹമ്മദ് മുസ്ല്യാർ മെമ്മോറിയൽ ദാറുസ്സലാം അക്കാദമിയിൽ പ്രവേശനം ലഭിക്കാൻ അപേക്ഷിച്ചവർ പ്രവേശനത്തിന് അർഹരാണോ എന്ന് അവരെ ഇന്റർവ്യൂ നടത്തിയായിരിക്കും തീരുമാനിക്കുക.

2. അപേക്ഷാഫോറം മുഴുവനും പൂരിപ്പിച്ച വിദ്യാർത്ഥികളുടെ അപേക്ഷാഫോറം മാത്രം പരിശോധിച്ച് അർഹനാണെന്ന് ബോധ്യപ്പെട്ടാൽ അവർക്ക് ഇന്റർവ്യൂവിന് ഹാജരാകാനുള്ള അറിയിപ്പ് നൽകുന്നതാണ്. അറിയിപ്പ് പ്രകാരം നിശ്ചിത തിയ്യതിക്കും, സ്ഥലത്തും രക്ഷിതാവ് (പിതാവ് അല്ലെങ്കിൽ ഉത്തരവാദപ്പെട്ട രക്ഷിതാവ് (രക്ഷിതാവ് പുരുഷനായിരിക്കണം) സഹിതം വിദ്യാർത്ഥി സെലക്ഷൻ പരീക്ഷക്ക് ഹാജരാവേണ്ടതാണ്.

3. ഇന്റർവ്യൂ പരീക്ഷയുടെ ഫലം ഒരാഴ്ചക്കകം രക്ഷിതാവിനെ അറിയിക്കുന്നതാണ്. അറിയിപ്പ് പ്രകാരം വിദ്യാർത്ഥിയെ ചേർക്കാൻ വരുമ്പോൾ ചുരുങ്ങിയത് രണ്ടു ജോഡി ഡ്രസ്സും (വെള്ളപൈജാമ, ജുബ്ബ, വെള്ളത്തൊപ്പി) മറ്റു ആവശ്യസാധനങ്ങളും കൊണ്ടു വരേണ്ടതാണ്. 12 വർഷ കോഴ്സ് തീരുന്നത് വരെയും താമസം, പഠനം, ഭക്ഷണം എന്നിവയ്ക്ക് വിദ്യാർത്ഥിയിൽ നിന്ന് യാതൊരു ഫീസും ഈടാക്കുന്നതല്ല. എന്നാൽ കോഴ്സ് പൂർത്തിയാക്കാതെ ഇടക്കാലത്ത് ഏകപക്ഷീയമായി ഒഴിവാകുന്ന പക്ഷം വിദ്യാർത്ഥി ചെറിയൊരു നഷ്ട പരിഹാരം (മാസത്തിനു 2000 രൂപ വീതം) കമ്മിറ്റിയിൽ അടച്ചു രശീതി വാങ്ങേണ്ടതാണ്.

**വിലാസം**

**DARUSSALAM ARABIC COLLEGE COMMITTEE**
Nandi, P.O. Katalur-673529, Via. Koyilandi, Calicut. Dt, Kerala St.
Website: www.jamiadarussalam.org, Email: dsanandi@gmail.com
Ph & Fax: 0496 2690391, 2690491, 9847141900

جامعة دار السلام الإسلامية
JAMIA DARUSSALAM, NANDI
نندي، كتلور، كيرلا الهند

مجمع دارالسلام لتذكار محمد المسليار الناندي

NANDIYIL MUHAMMED MUSLIYAR MEMORIAL

# DARUSSALAM ACADEMY

**(Managed by Darussalam Arabic College Committee)**

Nandi, P.O. Katalur – 673 529, Via. Koyilandi, Calicut Dt., Kerala St., S.Indi
Ph: 0496 2690391, 2690491, Website: jamiadarussalam.org, E-mail: dsanandi@gmail.coı

النشرة التمهيدية

**PROSPECTUS**